പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 158

# 2008-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2008

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്, 2008.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 158

# 2008-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

132/2008.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 158

# 2008-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

## 1989-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

## ബിൽ

പീഠിക.—1989-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ആക്റ്റ്, ഇതിനു ശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അൻപത്തൊൻപതാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2008-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേർ പറയാം.

(2) ഇത് 2008 ജനുവരി 16-ാം തീയതി മുതൽ പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 3-ാം വകുപ്പിന്റെ ഭേദഗതി.—1989-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ (1989-ലെ 2), (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 3-ാം വകുപ്പ്, (4)-ാം ഉപവകുപ്പ് (എ) ഖണ്ഡത്തിലെ,—

(1) (i)-ാം ഉപഖണ്ഡത്തിൽ "അറുപത് വയസ്സ് " എന്ന വാക്കുകൾക്കു പകരം "അൻപത്തെട്ട് വയസ്സ് " എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(2) (ii)-ാം ഉപഖണ്ഡത്തിൽ "അറുപത് വയസ്സ് " എന്ന വാക്കുകൾക്കു പകരം "അൻപത്തെട്ട് വയസ്സ് " എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

3. 5-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 5-ാം വകുപ്പ്, (1)-ാം ഉപവകുപ്പിൽ, "പദ്ധതിയിൽ" എന്ന വാക്കുകൾക്കുശേഷം "പിൽക്കാല പ്രാബല്യത്തോടുകൂടിയോ മുൻകാല പ്രാബല്യത്തോടുകൂടിയോ " എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

4. റദ്ദാക്കലും ഒഴിവാക്കലും.—(1) 2008-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (2008-ലെ 3) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

132/2008.

## ഉദ്ദേശകാരണങ്ങളുടെ വിവരണം

1989-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ 3-ാം വകുപ്പ് (4)-ാം ഉപവകുപ്പ് (എ) ഖണ്ഡപ്രകാരം ക്ഷേമനിധി അംഗങ്ങൾക്ക് 60 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്കാണ് പെൻഷൻ നൽകുന്നതിന് വ്യവസ്ഥ ചെയ്തിരിക്കുന്നത്. എന്നാൽ ചില കൈത്തറി സ്ഥാപനങ്ങൾക്ക് ബാധകമായ നിയമാവലിമൂലം 58 വയസ്സിൽ ജോലിയിൽ നിന്നും വിരമിക്കേണ്ടി വരുന്നവരുണ്ട്. ഭൂരിപക്ഷം കൈത്തറി ജീവനക്കാരും ഇത്തരത്തിൽ 58 വയസ്സാകുമ്പോൾ തന്നെ ജോലിയിൽ നിന്നും പിരിയേണ്ട അവസ്ഥ ഉള്ളതിനാൽ 58 വയസ്സിൽ പിരിയുന്നവർക്ക് പെൻഷൻ ലഭിക്കുവാൻ 60 വയസ്സുവരെ കാത്തിരിക്കേണ്ടി വരുന്നത് നീതി യുക്തമല്ലാത്തതിനാൽ കൈത്തറി തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്ക് 58 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് പെൻഷൻ ലഭ്യമാകത്തക്ക രീതിയിൽ ആക്റ്റ് ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു. കൂടാതെ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി പദ്ധതി പിൽക്കാല പ്രാബല്യത്തോടു കൂടിയോ മുൻകാല പ്രാബല്യത്തോടുകൂടിയോ ഭേദഗതി ചെയ്യുന്നതിന് സർക്കാരിന് അധികാരം നൽകുന്ന വിധത്തിൽ ആക്റ്റിൽ ഭേദഗതി വരുത്തുവാനും തീരുമാനിച്ചു.

2. മേല്പറഞ്ഞ നിർദ്ദേശങ്ങൾ അടങ്ങുന്ന 2007-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പന്ത്രണ്ടാം കേരള നിയമസഭയുടെ 104-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിക്കുകയുണ്ടായെങ്കിലും ആയത് നിയമസഭയിൽ അവതരിപ്പിക്കുവാൻ സാധിച്ചില്ല. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തില്ലാതിരുന്നതിനാലും മേല്പറഞ്ഞ തീരുമാനം നടപ്പിലാക്കുന്നതിന് സത്വര നിയമനിർമ്മാണം നടത്തേണ്ട സാഹചര്യം നില നിന്നിരുന്നതിനാലും 2008-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (2008-ലെ 3) 2008 ജനുവരി 15-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തു കയും ആയത് 2008 ജനുവരി 16-ാം തീയതി 136-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

4. 2008-ലെ 3-ാം നമ്പർ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഫണ്ടിൽ നിന്നുമാണ് ക്ഷേമനിധി പെൻഷൻ നൽകുന്നതെന്നതിനാൽ ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

പി. കെ. ഗുരുദാസൻ

## 1989-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ആക്റ്റിൽ (1989-ലെ 2) നിന്നുള്ള പ്രസക്തഭാഗങ്ങൾ

**　　　**　　　**

**　　　**　　　**

3. കൈത്തറിത്തൊഴിലാളി ക്ഷേമനിധി പദ്ധതി.—(1)സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി, കൈത്തറിത്തൊഴിലാളികളുടെയും കൈത്തറി വ്യവസായത്തിൽ സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെയും ക്ഷേമത്തിനായി ഈ ആക്റ്റിൻ കീഴിൽ ഒരു നിധി രൂപീകരിക്കുന്നതിനുവേണ്ടി "കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി പദ്ധതി" എന്ന പേരിൽ ഒരു പദ്ധതി തയ്യാറാക്കാവുന്നതും പദ്ധതി തയ്യാറാക്കിയശേഷം കഴിയുന്നത്ര വേഗം, ഈ ആക്റ്റിലേയും പദ്ധതിയിലേയും വ്യവസ്ഥകളനുസരിച്ച് ഒരു നിധി രൂപീകരിക്കേണ്ടതും ആണ്.

**　　　**　　　**

**　　　**　　　**

4. നിധി, താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്, അതായത്.—

(എ) താഴെപ്പറയുന്നവർക്ക് പെൻഷൻ നൽകുന്നതിന്.—

(i) ശാരീരികമായ വൈകല്യത്താൽ ജോലി ചെയ്യാൻ കഴിയാതിരിക്കുകയോ അല്ലെങ്കിൽ അറുപത് വയസ്സ് പൂർത്തിയാവുകയോ ചെയ്ത ഒരംഗത്തിന് ;

(ii) ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്നതിനു മുൻപ് ഒരു കൈത്തറിത്തൊഴിലാളിയോ സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടയാളോ ആയിരുന്നിരിക്കുകയും അറുപത് വയസ്സ് കഴിഞ്ഞിരിക്കുകയും സ്ഥായിയായ അവശത അനുഭവിക്കുകയോ തൊഴിലില്ലാതിരിക്കുകയോ ചെയ്യുന്നതുമായ ആളിന് ;

**　　　**　　　**

**　　　**　　　**

5. പദ്ധതി ഭേദഗതി ചെയ്യൽ.—(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി, പദ്ധതിയിൽ എന്തെങ്കിലും കൂട്ടിച്ചേർക്കുകയോ, ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ വ്യത്യാസപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

**　　　**　　　**

**　　　**　　　**